



എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

بِسْمِ اللهِ الرَّحْمَنِ الرَّحِيمِ

ശിഷ്ട ദുഷ്ട ഭേദമെന്യേ സകല സൃഷ്ടികൾക്കും കാരുണ്യം ചൊരിയുന്ന, പരലോകത്ത് ശിഷ്ട ജനത്തിന് പ്രത്യേകമായി കാരുണ്യമരുളുന്ന അല്ലാഹുവിന്റെ നാമത്തിൽ.

سُبْحَٰنَ ٱلَّذِىٓ أَسْرَىٰ بِعَبْدِهِۦ لَيْلًا مِّنَ ٱلْمَسْجِدِ ٱلْحَرَامِ إِلَى ٱلْمَسْجِدِ ٱلْأَقْصَا ٱلَّذِى بَٰرَكْنَا حَوْلَهُۥ لِنُرِيَهُۥ مِنْ ءَايَٰتِنَآ ۚ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْبَصِيرُ ﴿١﴾

**1.** തന്റെ ദാസനെ ചില ദൃഷ്ടാന്തങ്ങൾ കാണിക്കുന്നതിനു വേണ്ടി മസ്ജിദുൽ ഹറാമിൽ നിന്ന്, നാം പരിസരങ്ങൾ അനുഗൃഹീതമാക്കിയിട്ടുള്ള വിദൂര മസ്ജിദിലേക്ക് ഒരു രാവിൽ പ്രയാണം ചെയ്യിച്ചവൻ പരമപരിശുദ്ധനത്രെ. സത്യത്തിൽ എല്ലാം കേൾക്കുന്നവനും കാണുന്നവനും തന്നെയാണവൻ.

سُبْحَٰنَ = പരമപരിശുദ്ധനത്രെ
ٱلَّذِىٓ أَسْرَىٰ = രാപ്രയാണം ചെയ്യിച്ചവൻ, രാത്രിയിൽ കൊണ്ടുപോയവൻ
بِعَبْدِهِۦ = അവ(ത)ന്റെ ദാസനെ
لَيْلًا = ഒരു രാത്രി
مِّنَ ٱلْمَسْجِدِ ٱلْحَرَامِ = മസ്ജിദുൽ ഹറാമിൽ നിന്ന്
إِلَى ٱلْمَسْجِدِ ٱلْأَقْصَا = വിദൂര മസ്ജിദിലേക്ക്
ٱلَّذِى بَٰرَكْنَا حَوْلَهُۥ = അതിന്റെ പരിസരം നാം അനുഗ്രഹീതമാക്കിയിട്ടുള്ള
لِنُرِيَهُۥ = അവനെ(ദാസനെ) കാണിക്കാൻ
مِنْ ءَايَٰتِنَآ = നമ്മുടെ ചില ദൃഷ്ടാന്തങ്ങൾ
إِنَّهُۥ هُوَ = തീർച്ചയായും അവൻ തന്നെയാണ്
ٱلسَّمِيعُ = എല്ലാം കേൾക്കുന്നവൻ
ٱلْبَصِيرُ = എല്ലാം കാണുന്ന(വനും)വനായ

**1.** سُبْحَٰنَ ഒരു സ്തോത്ര വചനമാണ്. അല്ലാഹുവിന്റെ സത്ത സകലമാന ന്യൂനതകളിൽ നിന്നും മുക്തവും പരമ പരിശുദ്ധവുമാകുന്നു എന്നാണർഥം. ദൈവത്തെ സംബന്ധിച്ച് എന്തെങ്കിലും വികല വിചാരമോ തെറ്റുധാരണയോ ദൂരീകരിക്കാൻ ഉദ്ദേശിക്കുന്ന സന്ദർഭങ്ങളിലാണ് ഈ വചനം കൊണ്ട് പ്രഭാഷണം തുടങ്ങാറുള്ളത്. ഈ സൂറ മൊത്തത്തിലും പ്രഥമ സൂക്തം വിശേഷിച്ചും സംബോധിതരുടെ ചില ധാരണകൾ തിരുത്തുന്നുണ്ട്. ഇസ്റാഇനെക്കുറിച്ച് അവിശ്വാസികൾ ഉന്നയിച്ചതും ചില മുസ്‌ലിംകളിൽ പോലും ഉളവായതുമായ സംശയമാണൊന്ന്. പരമ പരിശുദ്ധനായ അല്ലാഹു ഉദ്ദേശിച്ചാൽ പ്രവാചകനെ അവനുദ്ദേശിച്ചിടത്തേക്ക് രാപ്രയാണം ചെയ്യിക്കാൻ ഒരു പ്രയാസവുമില്ല, പരിമിതമായ മാനുഷിക സാധ്യതകളെ അടിസ്ഥാനമാക്കിയല്ല ഇത്തരം പ്രതിഭാസങ്ങളെ മനസിലാക്കേണ്ടത് എന്നുണർത്തുകയാണ് പ്രഥമ സൂക്തം. ഇബ്റാഹീം നബിയുടെ പിന്മുറക്കാരും കഅ്ബാലയത്തിന്റെ ഉടമകളുമായതിനാൽ അനുഗൃഹീതരും മഹത്വമുള്ളവരുമാണെന്ന് അറബികളും, ഇബ്റാഹീമിന്റെ പിന്മുറക്കാരും യരൂശലമിൽ അദ്ദേഹം പണിത ദേവാലയത്തിന്റെ, അനന്തരാവകാശികളുമായതിനാൽ മഹത്വമുള്ളവരും അനുഗൃഹീതരുമാണെന്ന് യഹൂദരും കരുതിയിരുന്നു. ഈ രണ്ടു കൂട്ടരുടെയും ധാരണ ശരിയല്ലെന്നും മഹത്വത്തിനും സൗഭാഗ്യത്തിനും ആധാരം ദൈവഭക്തിയും ധർമനിഷ്ഠയുമാണെന്നും ഈ രണ്ടു വിഭാഗത്തെയും ഉണർത്തുകയാണ് തുടർന്നുള്ള സൂക്തങ്ങൾ.

إِسراء (നിശാ സഞ്ചാരം)ൽ നിന്നുള്ള ക്രിയയാണ് أَسْرَىٰ. അത് 'ب' എന്ന അക്ഷരത്താൽ സകർമകമാകുന്നു. രാത്രി സമയത്ത് ഒരാളെ എങ്ങോട്ടെങ്കിലും കൊണ്ടുപോകുന്നതിന് اسرى به എന്നു പറയും. أَسْرَىٰ എന്ന പദത്തിൽ തന്നെ 'രാത്രി' എന്ന ആശയം ഉണ്ടെങ്കിലും രാത്രിയല്ലാത്ത സഞ്ചാരത്തെ കുറിക്കാനും ഇതുപയോഗിക്കാറുണ്ട്. അതിനാൽ പ്രയാണമുണ്ടായത് രാത്രി തന്നെയാണെന്ന് لَيْلًا എന്ന വാക്കുകൊണ്ട് ഊ

ന്നിപ്പറഞ്ഞിരിക്കുന്നു. ദാസൻ عبد കൊണ്ടുദ്ദേശ്യം മുഹമ്മദ് നബിയാണ്. അല്ലാഹുവിങ്കൽ അത്യുന്നത പദവിയുള്ള അത്യാദരണീയനായ പ്രവാചകനാണ് മുഹമ്മദ് നബി. തിരുമേനിയുടെ ഔന്നത്യത്തിന്റെയും മഹത്വത്തിന്റെയും അതുല്യമായ ഒരടയാളം ചൂണ്ടിക്കാണിക്കുന്ന സൂക്തത്തിൽ അദ്ദേഹത്തെ തന്റെ ദാസൻ എന്ന് അല്ലാഹു വിശേഷിപ്പിച്ചതിൽ ശ്രദ്ധേയമായ ചില ധ്വനികളുണ്ട്. പ്രവാചകനോടുള്ള അല്ലാഹുവിന്റെ അങ്ങേയറ്റത്തെ സ്നേഹാതിരേകം പ്രവാചകന്റെ സമ്പൂർണ ദാസ്യത്തിന്റെ തെളിവാണ്. അതിലുപരി ഒരു നിർവചനമോ വർണനയോ ഈ സ്നേഹബന്ധത്തിന് ആവശ്യമില്ല. സൃഷ്ടി എത്രതന്നെ ഉന്നതനും മഹനീയനുമായാലും ദൈവത്തിന്റെ അടിമ എന്ന മൗലികമായ അവസ്ഥക്കതീതനാവുകയോ ദിവ്യത്വ പദവിയിലെത്തുകയോ ചെയ്യുന്നില്ല എന്നതാണ് മറ്റൊരു ധ്വനി.

മക്കയിലെ കഅ്ബാ മന്ദിരം ഉൾക്കൊള്ളുന്ന മസ്ജിദാണ് മസ്ജിദുൽ ഹറാം. ജറൂസലേമിലുള്ള ബൈത്തുൽ മഖ്ദിസാണ് മസ്ജിദുൽ അഖ്സാ. മക്കയിൽനിന്ന് നാൽപ്പതു നാളത്തെ സഞ്ചാര ദൂരത്താണ് ജറൂസലം. അതുകൊണ്ട് ഖുർആന്റെ പ്രഥമ സംബോധിതരായ മക്കക്കാർക്ക് അത് മസ്ജിദുൽ അഖ്സാ - വിദൂരത്തെ പള്ളിയാകുന്നു. പലവിധ വിളകൾ വിളയുന്ന വിഭവസമൃദ്ധമായ നാടായി പണ്ടുമുതലേ അറിയപ്പെട്ടിരുന്നതാണ് ജറൂസലവും പരിസര പ്രദേശങ്ങളും. ആത്മീയമായും ഐശ്വര്യപൂർണമായിരുന്നു ഈ നാട്. പാലും തേനും ഒഴുകുന്ന നാട് എന്ന് പുരാതന കാലത്ത് അത് വിശേഷിപ്പിക്കപ്പെട്ടിരുന്നു. നിരവധി പ്രവാചകന്മാർക്ക് ജന്മം കൊടുത്ത നാടെന്ന ഖ്യാതി അതിന്റെ ആത്മീയൈശ്വര്യത്തിനും മതിയായ തെളിവാണ്. ലോകത്ത് മറ്റൊരിടത്തും അത്രയേറെ പ്രവാചകവര്യന്മാർ ജനിക്കുകയും മരിക്കുകയും ചെയ്തതായറിവില്ല.

മസ്ജിദുൽ ഹറാമും മസ്ജിദുൽ അഖ്സായും നിർമിച്ചത് ഇബ്റാഹീം നബിയാണ്. കഅ്ബാ മന്ദിരം ഇബ്റാഹീം നബിക്കുമുമ്പേ നിർമിതമായിരുന്നുവെന്നും, പിന്നീട് ഏതോ കാരണത്തിൽ തകർന്നു പോയ അത് തൽസ്ഥാനത്ത് പുനർനിർമിക്കുകയാണ് ഇബ്റാഹീം നബി ചെയ്തതെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതെന്തായാലും നിലവിലുള്ള കഅ്ബയുടെ ആദ്യ നിർമാതാവായി അറിയപ്പെടുന്നത് ഇബ്റാഹീം നബിയാണ്. തന്റെ സീമന്തപുത്രൻ ഇസ്മാഈലിനെ മക്കയിൽ കൊണ്ടുവന്നു താമസിപ്പിച്ച അദ്ദേഹം ദൈവനിർദേശമനുസരിച്ച് അവിടെ ഒരു ദേവാലയം പണിതു. അതിന്റെ ലക്ഷ്യം ആ സ്ഥലത്തെ ദൈവിക സന്മാർഗത്തിന്റെയും ഏകദൈവവിശ്വാസത്തിന്റെയും ആഗോള കേന്ദ്രമായി തന്റെ പിൻഗാമികളാൽ വളർത്തപ്പെടുകയായിരുന്നുവെന്ന് അതെപ്പറ്റി ഇബ്റാഹീം നടത്തിയതായി ഖുർആൻ ഉദ്ധരിക്കുന്ന പ്രാർഥനകളിൽ നിന്ന് വ്യക്തമാണ്. ഇബ്റാഹീം നബിയുടെ പ്രാർഥന സഫലമായി. നിർജനവും നിർജലവുമായിരുന്ന മക്ക ജനവാസമുള്ള പട്ടണവും ഏകദൈവ വിശ്വാസികളുടെ തീർഥാടന കേന്ദ്രവുമായി വളർന്നു. ചിലപ്പോഴൊക്കെ നാശനഷ്ടങ്ങൾ നേരിട്ടിട്ടുണ്ടെങ്കിലും തീരെ തകർന്നു പോവുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്ത അവസ്ഥ ഉണ്ടായിട്ടില്ല. പക്ഷേ, നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ഇസ്മാഈലികൾ വിഗ്രഹാരാധനക്കടിപ്പെടുകയും കഅ്ബയിൽ വിഗ്രഹങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. അതോടൊപ്പം തന്നെ ഹജ്ജു പോലുള്ള ഇബ്റാഹീമി പൈതൃകവും തുടർന്നുപോന്നു. മസ്ജിദുൽ ഹറാമിൽ അതിന്റെ സ്ഥാപിത ലക്ഷ്യങ്ങൾക്കു വിരുദ്ധമായ വിശ്വാസാചാരങ്ങളും അനുഷ്ഠാനങ്ങളും നിർബാധം നടമാടി. ഏകദൈവാരാധനയും ഇബ്റാഹീമി ധർമവും തീരെ വിസ്മൃതമായി. ദ്വിതീയ പുത്രൻ ഇസ്ഹാഖിനെ ഫലസ്ത്വീനിൽ താമസിപ്പിച്ച ഇബ്റാഹീം അവിടെയും ഒരു ദേവാലയം സ്ഥാപിച്ചു. ഈ ദേവാലയം യഅ്ഖൂബ് സന്തതികളുടെ ഈജിപ്ഷ്യൻ പ്രവാസകാലത്ത് ഉപേക്ഷിക്കപ്പെട്ട് നശിച്ചുപോയിരിക്കാൻ സാധ്യതയുണ്ട്. ഈ ദേവാലയം നിന്ന സ്ഥാനത്താണ് പിന്നീട് ദാവൂദ് നബി ദൈവകൽപന പ്രകാരം തമ്പ്കെട്ടി പ്രാർഥനാഗൃഹം (محراب) പണിതത് എന്ന് പണ്ഡിതന്മാർ ഉറപ്പിച്ചു പറയുന്നുണ്ട്. ദാവൂദിന്റെ വസ്വിയ്യത്തനുസരിച്ച് സുലൈമാൻ നബി هيكل سليمن സുലൈമാൻ കുടീരം എന്ന പേരിൽ അത് പുനർനിർമിച്ചു. ഈ പള്ളിയും പലവട്ടം തകർച്ച നേരിടുകയുണ്ടായി. ബി.സി 578-ൽ നബുക്കദ്നസർ എന്ന ബാബിലോണിയൻ രാജാവാണ് ആദ്യം മസ്ജിദുൽ അഖ്സാ തകർത്തത്. കുറെ വർഷങ്ങൾക്കു ശേഷം ഫലസ്ത്വീനിൽ തിരിച്ചെത്തിയ ഇസ്രാഈല്യർ അത് പുനരുദ്ധരിച്ചു. ടൈറ്റസ് ചക്രവർത്തിയുടെ കാലത്ത് റോമൻ സൈന്യമാണ് രണ്ടാമത് മസ്ജിദുൽ അഖ്സയെ ആക്രമിച്ചത്. ബി.സി 135-ൽ അഡ്രിയാനസ് അതിന്റെ നശീകരണം പൂർത്തിയാക്കി. ഏതാനും കുറ്റിച്ചുമരുകൾ മാത്രമേ അവിടെ അവശേഷിച്ചിരുന്നുള്ളൂ. ബൈസാന്റിയൻ ചക്രവർത്തി കോൺസ്റ്റൈന്റെ വകയായിരുന്നു മൂന്നാമത്തെ നശീകരണം. ഇദ്ദേഹത്തിന്റെ മാതാവ് ഹെലൻ റാണി ക്രിസ്തുമതം സ്വീകരിച്ചിരുന്നു. യഹൂദർ യേശുവിനെ വധിച്ചു എന്നു വിശ്വസിച്ച അവരുടെ യഹൂദ വിരോധമാണിതിന് കാരണം. ജറൂസലം സന്ദർശിച്ച ചക്രവർത്തിനി മസ്ജിദുൽ അഖ്സയുടെ അവശിഷ്ടങ്ങൾ മായ്ച്ചുകളയാനും അവശേഷിക്കുന്ന തൂണുകളും മറ്റും ഉപയോഗിച്ച് യേശുവിന്റെ ഖബ്ർ എന്നു കരുതപ്പെടുന്ന സ്ഥലത്ത് ഒരു ചർച്ച് പണിയാനും ഉത്തരവിട്ടു. ദേവാലയം നിന്ന സ്ഥലം നഗരത്തിന്റെ മാലിന്യ നിക്ഷേപ കേന്ദ്രമാക്കുകയും ചെയ്തു. അങ്ങനെ വളരെക്കാലം ആ സ്ഥലം ചാണകവും ചവറും കൊണ്ടുമൂടിക്കിടന്നു.

ഹിജ്റ ഒന്നാം നൂറ്റാണ്ടിൽ ഖലീഫ ഉമറിന്റെ കാലത്ത് മുസ്‌ലിംകൾ ഫലസ്ത്വീൻ റോമാ സാമ്രാജ്യത്തിൽ നിന്ന് മോചിപ്പിച്ചപ്പോൾ ഉമർ(റ) അവിടം സന്ദർശിക്കുകയുണ്ടായി. അക്കാലത്ത് ജറൂസലമിലെ പത്രിയാർക്കീസായിരുന്ന സഫ്രോനിയസിനോട് ഉമർ(റ) ദാവൂദിന്റെ മസ്ജിദ് സ്ഥിതിചെയ്ത സ്ഥലം കാണിച്ചുകൊടുക്കാൻ ആവശ്യപ്പെട്ടു. സഫ്രോനിയസ് കാണിച്ചു കൊടുത്ത സ്ഥലത്ത് ചെന്ന് ഉമർ പറഞ്ഞു: "അല്ലാഹു അക്ബർ. എന്റെ ജീവന്റെ നിയന്താവാണ, റസൂലുല്ലാഹ് രാപ്രയാണം ചെയ്യിക്കപ്പെട്ടു എന്ന് നമ്മോട് പറഞ്ഞിട്ടുള്ള മസ്ജിദ് ദാവൂദ് ഇതാകുന്നു". തുടർന്ന് ഉമറും മുസ്‌ലിംകളും ചേർന്ന് മാലിന്യങ്ങളും ചപ്പുചവറുകളും നീക്കം ചെയ്ത് പള്ളി നിന്ന സ്ഥലം മുഴുവൻ വെളിപ്പെടുത്തി. മിഹ്റാബ് ദാവൂദിന്റെ സ്ഥാനത്ത് ചെന്ന് നമസ്കരിച്ച ശേഷം ഉമർ ജറൂസലം വിട്ടു. ഈ സംഭവത്തിനു മുമ്പ് മിഅ്റാജ് വേളയിൽ നമസ്കാരം നിർബന്ധമാക്കപ്പെട്ടതു മുതൽ ഹിജ്റക്കു ശേഷം പതിനാറു മാസക്കാലം വരെ മുസ്‌ലിംകളുടെ ഖിബ്‌ലയായിരുന്നു മസ്ജിദുൽ അഖ്സാ. ഉമർ(റ) ആണ് അവിടെ ആദ്യമായി നമസ്കരിച്ചത്. ഖലീഫ അബ്ദിൽ മലിക്ക് ബിൻമർവാന്റെ കാലം വരെ മസ്ജിദുൽ അഖ്സ പുനർനിർമിക്കപ്പെട്ടിരുന്നില്ല. അബ്ദുൽ മലിക്കാണ് ഖുബ്ബതുസ്സ്വഖ്റ നിർമിച്ചതും മസ്ജിദുൽ അഖ്സാ പുനരുദ്ധരിച്ചതും. ഹിജ്റ 73-ാം ആണ്ടിലാണ് നിർമാണം പൂർ

ത്തിയായത്. ഉമറിന്റെ ഫലസ്ത്വീൻ പര്യടന കാലത്തോ അതിനുശേഷം 20-ാം നൂറ്റാണ്ടുവരെയുള്ള ഒരു സഹസ്രാബ്ദത്തിലേറെ കാലത്തോളമോ യഹൂദർ മസ്ജിദുൽ അഖ്സായിൽ അവകാശവാദമുന്നയിച്ചിരുന്നില്ല. 20-ാം നൂറ്റാണ്ടിൽ സയണിസ്റ്റ് പ്രസ്ഥാനം ശക്തിപ്പെട്ടതോടെയാണ് യഹൂദർ മസ്ജിദുൽ അഖ്സാ മുസ്‌ലിംകളിൽ നിന്നുപിടിച്ചടക്കാൻ ശ്രമമാരംഭിച്ചത്. ഇപ്പോഴും ആ ശ്രമം മുഴുവൻ വിജയിച്ചിട്ടില്ല. പള്ളി തീവച്ചുനശിപ്പിക്കാനും തച്ചുപൊളിക്കാനുമൊക്കെ ശ്രമങ്ങളുണ്ടായി. മസ്ജിദുൽ അഖ്സാ തകർന്നു വീഴാൻ പാകത്തിൽ പരിസരങ്ങളിൽ ഖനനപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണിപ്പോൾ.

മസ്ജിദുൽ ഹറാം അതിന്റെ നിർമാണ നാൾ തൊട്ടിന്നുവരെ പാവനമായ തീർഥാടന കേന്ദ്രവും ആരാധനാലയവുമായി നിലനിൽക്കുന്നുണ്ട്. മസ്ജിദുൽ അഖ്സാ ഇടക്ക് പല നൂറ്റാണ്ടുകൾ അന്യാധീനപ്പെടുകയും അനാഥമാക്കപ്പെടുകയും തകർക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും ഹിജ്റ ഒന്നാം നൂറ്റാണ്ടിൽ അതിന്റെ പരിപാലനം മുസ്‌ലിംകൾ ഏറ്റെടുത്ത ശേഷം ജറൂസലം കുരിശുപടയുടെ പിടിയിലകപ്പെട്ട ഏതാനും വർഷങ്ങളിലൊഴിച്ച് ഇന്നുവരെ പവിത്രമായ ഏകദൈവാരാധനാലയമായി നിലനിന്നു. ഈ രണ്ടു പവിത്ര ദേവാലയങ്ങളുടെയും മസ്ജിദുൽ ഹറാമിന്റെയും-മസ്ജിദുൽ അഖ്സയുടെയും പരിപാലനം, അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പാഴാക്കുകയും അവയെ അനാഥമാക്കുകയും ചെയ്തവരുടെ കരങ്ങളിൽ നിന്ന് മുസ്‌ലിംകളുടെ കരങ്ങളിലേക്ക് മാറ്റപ്പെടുന്നതിന്റെ തുടക്കമായിരുന്നു ഇസ്റാഅ്.

പ്രവാചകന്റെ നിശാപ്രയാണകാലത്ത് മസ്ജിദുൽ അഖ്സാ നിർമിത രൂപത്തിൽ നിലനിന്നിരുന്നില്ല. ആ സ്ഥലം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും പ്രവാചകനെ മസ്ജിദുൽ അഖ്സായിലേക്ക് നിശാപ്രയാണം ചെയ്യിച്ചു എന്ന ഖുർആനിക പ്രസ്താവനയിൽ നിന്ന് ഇസ്‌ലാമിക പണ്ഡിതന്മാർ ഒരു നിയമം നിർദ്ധാരണം ചെയ്തിരിക്കുന്നു. ഒരു സ്ഥലം പള്ളിയായി നിശ്ചയിക്കപ്പെടുകയും അവിടെ നമസ്കാരം നടത്തപ്പെടുകയും ചെയ്താൽ പിന്നെ എക്കാലത്തും അത് മസ്ജിദ് തന്നെയായിരിക്കും. ആ കെട്ടിടം തകർന്നുപോവുകയോ അനാഥമാവുകയോ അതിന്റെ തറക്കല്ലുകൾ പോലും നീക്കം ചെയ്യപ്പെടുകയോ ചെയ്താലും ശരി. അതിനാൽ പള്ളി സ്ഥാപിക്കപ്പെട്ട സ്ഥലം ഒരു കാരണവശാലും മറ്റാവശ്യങ്ങൾക്കായി മാറ്റാൻ പാടില്ല. ഒരു പള്ളിയുടെ സ്ഥാനം നമസ്കാരം, പ്രാർഥന, ഇഅ്തികാഫ്, ആത്മീയ വിദ്യാഭ്യാസം തുടങ്ങിയ അതിന്റെ ലക്ഷ്യങ്ങൾക്ക് ഉപകരിക്കാത്തതായി മാറിയാൽ ആ പള്ളി പ്രസ്തുത ലക്ഷ്യങ്ങൾക്ക് പ്രയോജനപ്പെടുന്ന മറ്റൊരിടത്തേക്ക് മാറ്റി സ്ഥാപിക്കുകയും പൂർവസ്ഥാനം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യാമെന്ന് അഭിപ്രായമുള്ള പ്രമുഖരായ പണ്ഡിതന്മാരുമുണ്ട്.

ഇസ്റാഅ്-മിഅ്റാജ് സംബന്ധിച്ച് നിരവധി ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അവയെ ഇങ്ങനെ സംഗ്രഹിക്കാം: ഒരു രാത്രി മസ്ജിദുൽ ഹറാമിൽ ഉറങ്ങുകയായിരുന്ന നബി(സ)യുടെ അടുത്ത് മലക്ക് ജിബ്‌രീൽ ബുറാഖ് എന്ന അലൗകിക വാഹനവുമായി വന്നു. തിരുമേനിയെ അതിൽ കയറ്റി അതിവേഗം സഞ്ചരിച്ച് ബൈത്തുൽ മഖ്ദിസിലെത്തി. അവിടെ അദ്ദേഹത്തെ സ്വീകരിക്കാൻ പൂർവപ്രവാചകന്മാരുണ്ടായിരുന്നു. തിരുമേനി അവിടെ അവരോടൊപ്പം നമസ്കരിച്ചു. അനന്തരം ജിബ്‌രീൽ തിരുമേനിയെയും കൊണ്ട് ഒന്നാം ആകാശത്തേക്കാരോഹണം ചെയ്തു. അവിടെനിന്ന് രണ്ട്, മൂന്ന് എന്നിങ്ങനെ ഏഴാകാശവും സന്ദർശിച്ചു. ഒന്നാം ആകാശത്ത് ആദം നബിയെയും രണ്ടിൽ ഈസാ, യഹ്‌യാ എന്നിവരെയും മൂന്നിൽ യൂസുഫിനെയും നാലിൽ ഹാറൂനിനെയും അഞ്ചിൽ ഇദ്‌രീസിനെയും ആറിൽ മൂസായെയും ഏഴിൽ ഇബ്‌റാഹീമിനെയും (അ) തിരുമേനി കണ്ടുമുട്ടി. ഒടുവിൽ ഏഴാം വാനത്തിനുമുപരി സിദ്‌റത്തുൽ മുൻതഹാക്കടുത്തെത്തി, അവിടെവെച്ച് അല്ലാഹു നബിക്കും മുസ്‌ലിം സമുദായത്തിനും അൻപതു നേരത്തെ നമസ്കാരം കൽപിച്ചു. ഈ കൽപനയുമായി തിരിച്ചുവരവെ കണ്ടുമുട്ടിയ മൂസാ നബി ഇത്രയേറെ നമസ്കാരം നിങ്ങളുടെ സമുദായത്തിന് താങ്ങാനാവില്ലെന്നും അതു കുറച്ചുതരാൻ അല്ലാഹുവിനോടപേക്ഷിക്കണമെന്നും തിരുമേനിയെ ഉപദേശിച്ചു. അദ്ദേഹം അപ്രകാരം ചെയ്തു. അല്ലാഹു പത്തു നമസ്കാരം കുറച്ചു കൊടുത്തു. തിരിച്ചുവരവേ, നാൽപതു നമസ്കാരവും ദുർവഹമാണെന്നും ഇനിയും ലഘൂകരിക്കാനാവശ്യപ്പെടണമെന്നും മൂസാ നബി പിന്നെയും ഉപദേശിച്ചു. തിരുമേനി അനുസരിച്ചു. ഇങ്ങനെ പലവട്ടം മൂസാ നബി മുഹമ്മദ് നബിയെ അല്ലാഹുവിങ്കലേക്ക് തിരിച്ചയച്ചു. ഒടുവിൽ നമസ്കാരം അഞ്ച് നേരമായി നിശ്ചയിക്കപ്പെട്ടു. അതും ലഘൂകരിക്കണമെന്നായിരുന്നു മൂസായുടെ പക്ഷം. പക്ഷേ, ഇനിയും ഇളവ് ചോദിക്കാൻ നാണം തോന്നിയതുകൊണ്ട് തിരുമേനി അതിനു തയാറായില്ല.

വാനലോകയാത്രയിൽ നബി(സ) ബൈത്തുൽ മഅ്മൂറും സ്വർഗ-നരകങ്ങളും സന്ദർശിച്ചു. ഖുർആൻ വർണിച്ച സ്വർഗീയ സൗന്ദര്യങ്ങളും അനുഗ്രഹങ്ങളും നേരിൽ കണ്ടു. നരകത്തിന്റെ ഭീകരതയും കണ്ടു. അന്യരുടെ ധനം കവർന്നവർ, അനാഥരെ ദ്രോഹിച്ചവർ, അനാശാസ്യ നടപടികളിലേർപ്പെട്ടവർ, കപട നാട്യക്കാർ, പരദൂഷകർ, ഏഷണിക്കാർ തുടങ്ങിയ പലവിധ ദുഷ്ടന്മാർ അനുഭവിക്കുന്ന ശിക്ഷാമുറകൾ കണ്ടു. എല്ലാം കഴിഞ്ഞ് നബി(സ) ആ രാത്രി പുലരും മുമ്പേ മസ്ജിദുൽ ഹറാമിൽ തിരിച്ചെത്തുകയും ചെയ്തു. മസ്ജിദുൽ അഖ്സായിലേക്ക് രാപ്രയാണം നടത്തിയതിനെക്കുറിച്ചേ ഖുർആൻ പരാമർശിക്കുന്നുള്ളൂ. അതാണ് ഇസ്റാഅ്. അവിടെ നിന്നുള്ള ആകാശാരോഹണ-മിഅ്റാജ്-കഥ ഹദീസുകളാണ് വെളിപ്പെടുത്തുന്നത്. അൽഅഖ്സാ സന്ദർശനവും ആകാശാരോഹണവും ഒരൊറ്റ രാവിൽ നടന്ന യാത്രയുടെ ഭാഗമായതുകൊണ്ട് ഖുർആൻ പറയുന്ന ഇസ്റാഅ് രണ്ടിനെയും ഉൾക്കൊള്ളുന്നു. ഖുർആൻ പറഞ്ഞ നിശാപ്രയാണം അംഗീകരിക്കുകയും ഹദീസുകളിൽ മാത്രമുള്ള മിഅ്റാജിന്റെ കാര്യത്തിൽ സംശയിക്കുകയും ചെയ്യുന്നവരുണ്ട്. അതിലടങ്ങിയ അമാനുഷികതയാണ് അതിനു കാരണം. എന്നാൽ ഈ അമാനുഷികത ഇസ്റാഇലും ഉള്ളതാണ്. ഇസ്റാഅ് ഏതു മാനദണ്ഡപ്രകാരം വിശ്വസനീയമാണോ അതേ മാനദണ്ഡപ്രകാരം മിഅ്റാജും വിശ്വസനീയമാണ്. എന്നാൽ ഇതു സംബന്ധിച്ച ഹദീസുകളിൽ ഒരു പാടു വ്യത്യാസങ്ങളുണ്ട്. അതിന്റെ യാഥാർഥ്യത്തിൽ സംശയിക്കുന്നത് കുഫ്റോളം ഗുരുതരമായ കുറ്റമാകുന്നില്ല.

ഇസ്റാഅ്-മിഅ്റാജ് ഒരു വലിയ ദിവ്യാത്ഭുതം (معجزة) യിരുന്നു. സാധാരണ പ്രവാചകന്മാർ പ്രത്യക്ഷപ്പെടുത്തുന്ന ദിവ്യാത്ഭുതങ്ങളിൽ നിന്നു വളരെ വ്യത്യസ്തമാണിത്. പ്രവാ

ചകന്മാർ ദൈവത്താൽ നിയുക്തരായ സത്യപ്രബോധകരാണെന്നു ജനങ്ങളെ ബോധ്യപ്പെടുത്താനാണ് സാധാരണ ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താറുള്ളത്. അത്തരം ദിവ്യാത്ഭുതങ്ങൾ ജനങ്ങളുടെ കൺമുമ്പിൽ ഇന്ദ്രിയഗോചരമായ വിധത്തിലാണ് പ്രത്യക്ഷപ്പെടുത്തുക. ഇസ്റാഅ് അരങ്ങേറിയത് ആ രീതിയിലല്ല. സംഭവം നടന്നു കഴിഞ്ഞശേഷം പ്രവാചകൻ പറയുമ്പോഴാണ് അങ്ങനെയൊന്ന് നടന്നതായി ജനങ്ങൾ അറിയുന്നത്. ഇസ്റാഅ്-മിഅ്റാജ് എന്ന മുഅ്ജിസത്ത് സംഭവിച്ചത് പ്രവാചകനുവേണ്ടി തന്നെയാണ്. لِنُرِيَهُۥ مِنْ ءَايَٰتِنَآ അദ്ദേഹത്തെ നമ്മുടെ ദൃഷ്ടാന്തങ്ങൾ കാണിക്കാൻ എന്ന വാക്യം അതു വ്യക്തമാക്കുന്നു. രാപ്രയാണം പ്രവാചകനു വേണ്ടിയുള്ളതായതുകൊണ്ടാണ് അതിനെ നിഷേധിച്ച അവിശ്വാസികൾക്കും വിശ്വാസികളിൽ തന്നെയുണ്ടായിരുന്ന സന്ദേഹികൾക്കും ഖുർആൻ മറുപടിയൊന്നും പറയാതിരുന്നത്. പ്രബോധിതരെ സംബന്ധിച്ചേടത്തോളം അതൊരു ദൃഷ്ടാന്തമല്ല, പരീക്ഷണം ആയിരുന്നു. പ്രവാചകനെ അവർ പൂർണമായും വിശ്വസിക്കുന്നുവോ അതല്ല പൂർണമായോ ഭാഗികമായോ അവിശ്വസിക്കുന്നുവോ എന്നാണാ പരീക്ഷണം. സത്യനിഷേധികളിൽ അത് അവിശ്വാസം വളർത്തുകയാണ് ചെയ്തത്. ദുർബല വിശ്വാസികളുടെ മനസിൽ സംശയത്തിന്റെ പൊടിപടലങ്ങളുയർന്നു. അബൂബക്കർ(റ)നെ പോലുള്ള ദൃഢവിശ്വാസികൾ പ്രവാചകനിൽ നിന്ന് കേട്ടമാത്രയിൽ തന്നെ നിശാപ്രയാണം നിസ്സങ്കോചം ദൃഢമായി വിശ്വസിച്ചു. അബൂബക്കറിന് صديق എന്ന അഭിധാനം ലഭിച്ചത് അതുകൊണ്ടാണ്.

ഇസ്റാഅ്-മിഅ്റാജിന്റെ ചരിത്ര പശ്ചാത്തലം പരിശോധിച്ചാൽ പ്രവാചകനു ഇങ്ങനെയൊരു ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടുത്തിയതിന്റെ കാരണം വ്യക്തമാകുന്നതാണ്. നബി(സ)ക്ക് മക്കയിൽ മുഖ്യമായി ഉണ്ടായിരുന്നത് രണ്ടു തണലുകളാണ്. കുടുംബത്തിൽ സ്വന്തം പത്നി ഖദീജ(റ). കുടുംബഭാരങ്ങളിൽ നിന്നെല്ലാം അദ്ദേഹത്തെ മോചിപ്പിച്ചതും സാമ്പത്തികമായി സഹായിച്ചതും പ്രബോധന പ്രവർത്തനത്തിൽ ധൈര്യവും പ്രോത്സാഹനവും നൽകിക്കൊണ്ടിരുന്നതും അവരായിരുന്നു. പുറത്തു ഖുറൈശികളുടെ ആക്രമണത്തിൽ നിന്ന് അദ്ദേഹത്തെ രക്ഷിച്ചിരുന്നത് പിതൃവ്യൻ അബൂത്വാലിബായിരുന്നു. നിശാ പ്രയാണത്തിന് കുറച്ചുമുമ്പായി ഈ രണ്ടുപേരും മരിച്ചു പോയി. പ്രവാചകൻ മക്കയിൽ ഏറെക്കുറെ ഒറ്റപ്പെട്ടു. മുസ്‌ലിംകളുടെ എണ്ണം വർധിച്ചുവരുന്ന മുറക്ക് ഖുറൈശികളുടെ എതിർപ്പും മർദനവും ശക്തിപ്പെടുകയായിരുന്നു. നിസ്സഹായനായ പ്രവാചകൻ ത്വാഇഫിൽ ചെന്ന് അവിടം കേന്ദ്രമാക്കി പ്രവർത്തിക്കാൻ തീരുമാനിച്ചു. ത്വാഇഫിലെത്തിയപ്പോൾ മക്കയിലേതിനേക്കാൾ കൊടിയ എതിർപ്പും മർദനവുമാണ് അവിടെ നേരിടേണ്ടിവന്നത്. തിരിച്ചുപോന്ന പ്രവാചകനെ ഈ നിസ്സഹായത വല്ലാതെ വേട്ടയാടി. പ്രതീക്ഷിക്കുന്ന ദൈവികസഹായത്തെക്കുറിച്ചും തന്റെ പ്രസ്ഥാനത്തിന്റെ ഭാവിയെക്കുറിച്ചും അദ്ദേഹം ഉത്കണ്ഠാകുലനായി. ഖുറൈശികളാകട്ടെ പ്രവാചകനെ കൊന്നുകളയുകയോ നാടുകടത്തുകയോ ചെയ്യാനുള്ള ആലോചനയിലായിരുന്നു. കാര്യകാരണ വ്യവസ്ഥയുടെ വെളിച്ചത്തിൽ നോക്കിയാൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് നേരെ സമ്പൂർണമായ ഉന്മൂലനം വാ പിളർന്ന് നിൽക്കുകയായിരുന്നു. പ്രവാചകന് ദൈവികലോകത്തു നിന്നുള്ള മനോധൈര്യവും സമാശ്വാസവും പ്രതീക്ഷയും പ്രോത്സാഹനവുമൊക്കെ ലഭിക്കേണ്ടതനിവാര്യമായ സന്ദർഭമായിരുന്നു അത്. പ്രവാചകന്റെ പ്രയാസവും പ്രതിസന്ധികളും അല്ലാഹു നന്നായറിയുന്നുണ്ടായിരുന്നു. ഭയപ്പെടുന്നതുപോലെ ഒറ്റപ്പെടാനും പരാജയപ്പെടാനുമല്ല, വിജയിക്കാനും നിലനിൽക്കാനുമാണ് തന്നെ അയച്ചിട്ടുള്ളതെന്ന് അദ്ദേഹത്തിനു കാണിച്ചുകൊടുക്കുകയായിരുന്നു രാപ്രയാണത്തിലൂടെ അല്ലാഹു. إِنَّهُۥ هُوَ ٱلسَّمِيعُ ٱلْبَصِيرُ എന്ന സൂക്ത സമാപനത്തിന്റെ താൽപര്യമിതാണ്. പ്രവാചകനും ശിഷ്യന്മാരും നേരിടുന്ന പ്രതിസന്ധികളും പ്രയാസങ്ങളും നല്ലവണ്ണം കേൾക്കുകയും കാണുകയും ചെയ്യുന്ന അല്ലാഹു സൃഷ്ടിപ്രപഞ്ചത്തിന്റെ പൊരുളും ദൈവിക സാമ്രാജ്യത്തിന്റെ യാഥാർഥ്യവും കാണിച്ചുകൊടുത്തുകൊണ്ട് അദ്ദേഹത്തിന് ആശ്വാസവും ആത്മധൈര്യവും പകരുകയായിരുന്നു. പ്രവാചകന്മാരുടെ മനോദാർഢ്യം വർധിപ്പിക്കുന്നതിനു വേണ്ടി അല്ലാഹു ചിലപ്പോൾ അവൻ ഇത്തരം അഭൗതികാനുഭവങ്ങളുളവാക്കാറുണ്ട്. ഇബ്റാഹീം നബിക്കു ദൈവിക സാമ്രാജ്യം കാണിച്ചു കൊടുത്തതായി ഖുർആൻ പറയുന്നുണ്ട്. "ഇപ്രകാരം ഇബ്റാഹീമിനു നാം ആകാശഭൂമികളിലെ ദൈവികാധിപത്യം കാണിച്ചു കൊടുക്കുകയായിരുന്നു; അദ്ദേഹം ദൃഢവിശ്വാസിയായിത്തീരാൻ" (6:75).

ഈ യാത്ര ശാരീരികാനുഭവമായിരുന്നുവോ, സ്വപ്നമായിരുന്നുവോ, ആത്മീയാനുഭൂതിയായിരുന്നുവോ എന്നൊക്കെയുള്ള തർക്കം പണ്ടുമുതലേയുണ്ട്. പ്രവാചകൻ സശരീരം രാപ്രയാണം ചെയ്തുവെന്നാണ് ഭൂരിപക്ഷം മുസ്‌ലിംകളും വിശ്വസിക്കുന്നത്. അതൊരു ആത്മീയ യാത്രയായിരുന്നുവെന്ന് കരുതുന്ന ന്യൂനപക്ഷവുമുണ്ട്. ഹുദൈഫ, ആഇശ, മുആവിയ (റ) തുടങ്ങിയ പ്രവാചക ശഷ്യന്മാരിൽ നിന്നുദ്ധരിക്കപ്പെട്ടിട്ടുള്ളത് ഈ അഭിപ്രായമാണ്. ഭൂരിപക്ഷത്തിന്റെ വിശ്വാസത്തെ പിന്തുണക്കുന്നതാണ് സൂക്തത്തിലെ പദപ്രയോഗങ്ങൾ വെറുമൊരു സ്വപ്നത്തെയോ ആത്മീയാനുഭൂതിയെയോ 'ഒരു രാത്രി നിശാപ്രയാണം ചെയ്യിച്ചു أَسْرَىٰ بِعَبْدِهِۦ لَيْلًا എന്ന് വർണിക്കേണ്ടതില്ലല്ലോ. بِعَبْدِهِۦ തന്റെ അടിമയെ എന്ന വാക്ക് ശരീരത്തോടു കൂടിയ ആത്മാവിനേ പറയൂ. മിഅ്റാജ് രാവിൽ പ്രവാചകനെ തേടിച്ചെന്നപ്പോൾ അദ്ദേഹത്തെ മെത്തയിൽ കാണുകയുണ്ടായില്ല എന്ന് അബൂബക്കർ(റ) പ്രസ്താവിച്ചതായും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

രാപ്രയാണം ശാരീരികമായിരുന്നില്ല എന്നു കരുതുന്നവരുന്നയിക്കുന്ന ന്യായങ്ങൾ ഇവയാണ്. 1) നാൽപതു നാളത്തെ യാത്ര വേണ്ടിയിരുന്ന ദൂരം വിമാനവും മോട്ടോർ വാഹനങ്ങളും മനുഷ്യന്റെ സങ്കൽപത്തിൽ പോലും ഇല്ലാതിരുന്ന അക്കാലത്ത് ഒറ്റ രാത്രി കൊണ്ട് ശാരീരികമായി പോയി വരിക അസംഭവ്യമാകുന്നു. 2) ആഇശ(റ)യെ പോലുള്ളവർ അത് ആത്മീയ യാത്രയായിരുന്നുവെന്ന് പറഞ്ഞിരിക്കുന്നു. 3) മിഅ്റാജിൽ പ്രവാചകൻ അനേകം പൂർവപ്രവാചകന്മാരുമായി സന്ധിച്ചു സംസാരിച്ചുവെന്നും പലതരം പാപികൾ നരകത്തിൽ ശിക്ഷിക്കപ്പെടുന്നതു കണ്ടുവെന്നും പറയുന്നു. ഉയിർത്തെഴുന്നേൽപും വിചാരണയും രക്ഷാശിക്ഷാവിധിയും നടന്നിട്ടില്ലെന്നിരിക്കെ എങ്ങനെയാണ് പാപികൾ ശിക്ഷയനുഭവിക്കുന്നത് പ്രവാചകൻ കാണുക?

ഈ ന്യായങ്ങളെല്ലാം ബാലിശമാണ്. ഒന്നാമതായി പ്രവാ

ചകന്റെ രാപ്രയാണം ഒരു معجزة ആണ്. പ്രാപഞ്ചികമായ കാര്യകാരണ വ്യവസ്ഥക്കതീതമായ അത്ഭുതമാണ് معجزة. അതിനെ കാര്യകാരണ വ്യവസ്ഥയുടെ പരിമിതികൾക്കുള്ളിൽ വിലയിരുത്തുന്നതിലർഥമില്ല. ഏതാനും മണിക്കൂറുകൾ കൊണ്ട് മക്കയിൽ നിന്ന് ജറൂസലേമിലും ബഹിരാകാശത്തുമൊക്കെ പോയിവരാൻ ഇന്ന് സാദാ മനുഷ്യർക്കു പോലും സാധിക്കും. അതു സാധ്യമാക്കിയ മനുഷ്യനെ സൃഷ്ടിച്ച, സ്ഥലകാലാതീതനായ അല്ലാഹുവിനു അതസാധ്യമാകുന്നതെങ്ങനെയാണ്? പ്രവാചകൻ രാപ്രയാണം ചെയ്തു എന്നല്ല, പരിശുദ്ധനായ അല്ലാഹു അവന്റെ ദാസനെ രാപ്രയാണം ചെയ്യിച്ചു, അഥവാ രാത്രി കൊണ്ടുപോയി എന്നാണ് ഖുർആൻ പറയുന്നത്, രാപ്രയാണത്തിന്റെ കർതൃത്വം അല്ലാഹുവിനാണ്. നിശാപ്രയാണം നടക്കുന്ന കാലത്ത് ആഇശ കൊച്ചു ബാലികയായിരുന്നു. അന്നവർ പ്രവാചകനോടൊപ്പം താമസമാക്കിയിരുന്നില്ല. മുആവിയ ഇസ്‌ലാം സ്വീകരിച്ചിട്ടേ ഉണ്ടായിരുന്നില്ല. ഇസ്‌റാഇനെക്കുറിച്ച് ഇരുവരും പറയുന്നത് നേരിട്ടുള്ള അറിവല്ല, അവരുടെ ഇജ്തിഹാദുകളാണ്. ഖുർആനിൽ നിന്ന് സ്പഷ്ടമാകുന്ന ഒരു കാര്യം അവഗണിക്കാൻ അത് മതിയാവില്ല. സ്ഥലത്തിനും കാലത്തിനും അതീതനായ അല്ലാഹു അവന്റെ പ്രവാചകനിൽ ഉളവാക്കിയ സ്ഥലകാലാതീതമായ സംഗതിയാണ് ഇസ്‌റാഅ്. സ്ഥലവും കാലവും ഇല്ലാതാകുമ്പോൾ ഭൂതവർത്തമാന ഭാവി വ്യത്യാസവും ഇഹലോക പരലോക വ്യത്യാസങ്ങളും ഇല്ലാതാകുന്നു. അപ്പോൾ ഭാവിയും ഭൂതവും വർത്തമാനവും ഇഹവും പരവുമെല്ലാം ഒരൊറ്റ ബിന്ദുവിൽ സമ്മേളിക്കുന്നു. ആ ബിന്ദു ഉൾക്കൊള്ളുക ഭൗതികവസ്ഥയിലുള്ള മനുഷ്യനു സാധ്യമാകുന്നു. അഭൗതിക ലോകത്തെത്തുന്നവർക്കേ അതു കഴിയൂ.

ഇസ്‌റാഅ് ശാരീരികമോ ആത്മീയമോ എന്ന തർക്കത്തിൽ വലിയ കാര്യമൊന്നുമില്ല. അതിന്റെ നിർണയത്തിന് ഇസ്‌ലാമികാദർശത്തിലോ മുസ്‌ലിം ജീവിതത്തിലോ വിശേഷിച്ചു സ്വാധീനമൊന്നുമില്ല. പ്രവാചകൻ(സ) അങ്ങേയറ്റം വിഷാദചിത്തനും ഉൽക്കണ്ഠാകുലനുമായിരുന്ന ഒരു സന്ദർഭത്തിൽ അല്ലാഹു അദ്ദേഹത്തെ അഭൗതിക ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോയി ദൈവികസാമ്രാജ്യത്തിന്റെ ദൃഷ്ടാന്തങ്ങൾ കാണിച്ചു കൊടുത്തു. ആ കൊണ്ടുപോക്ക് സശരീരമായിരുന്നുവോ ആത്മാവു മാത്രമായിരുന്നുവോ എന്നതല്ല; പ്രകൃത്യാതീത ലോകത്ത് കടന്നുചെന്ന് അവിടത്തെ ദൃഷ്ടാന്തങ്ങൾ നേരിട്ട് കണ്ട അനുഭവവും അറിവും അദ്ദേഹത്തിനുണ്ടായി എന്നതാണ് പ്രസക്തമായ കാര്യം. ■